# കലോത്സവ വേദികൾ ഏറ്റവും വലിയ ജനാധിപത്യ വേദികളാവണം

കെ സി ഹരികൃഷ്ണൻ
ജനറൽ സെക്രട്ടറി, കെ എസ് ടി എ

ഏഷ്യാഭൂഖണ്ഡത്തിലെ തന്നെ ഏറ്റവും വലിയ ജനകീയ ജനകീയ ഉൽസവമാണ് സ്കൂൾകലോത്സവങ്ങൾ. ഒന്നാം ക്ലാസുമുതൽ 12 – ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യംവെച്ചാണ് ഇത്തരം ജനകീയ കലോത്സവത്തിന് പൊതുവിദ്യാഭ്യാസ വകുപ്പ് തുടക്കം കുറിച്ചത്. ഒരു പരിധിവരെ കുറ്റമറ്റരീതിയിൽ ഇതിനെ നടത്താൻ ഇന്നും സാധിക്കുന്നുണ്ട്. എന്നാൽ മഹാമേളയുടെ നടത്തിപ്പിൽ ഗവൺമെന്റ് കാണിക്കുന്ന മനോഭാവത്തിൽ കാര്യമായ മാറ്റമുണ്ടാകേണ്ടതുണ്ട്. കലോത്സവത്തിന്റെ നടത്തിപ്പ് ചുമതല അധ്യാപകസംഘടനകളും വിദ്യാർത്ഥികളും പൊതുസമൂഹവും ചേർന്നാണ് നടത്തിക്കൊണ്ടിരിക്കൊണ്ടിരിക്കുന്നത് എന്നയാഥാർത്ഥ്യം കാണാതെ ഉപരിതലത്തിൽ കാണുന്ന ചില അരുതായ്മകൾ മാത്രം ചൂണ്ടിക്കാണിച്ച് ഇതിനെ അധിക്ഷേപിക്കാൻ മുതിരുന്നത് യാഥാർത്ഥ്യബോധത്തോടെയല്ല എന്ന് വിലയിരുത്തേണ്ടിവരും. സ്കൂൾ തലം മുതൽ ഈ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. സ്കൂൾ തലത്തൽ ഇതിന്റെ പ്രവർത്തനം നടത്തുന്നത് അധ്യാപകരും സ്കൂൾ പി.ടി.എ. യും നാട്ടുകാരും ചേർന്നാണ്. ഇതിനാവശ്യമായ ഫണ്ട് സമാഹരണം നടത്തുന്നത് ഇവർതന്നെയാണ്. ഒരു സ്കൂളും അതിന്റെ ചുറ്റുവട്ടത്തുള്ള ജനങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഭാഗമായി പ്രദേശത്തിന്റെ ഉൽസവമായാണ് സംഘടിപ്പിക്കുന്നത്. സബ്ജില്ലാ തലത്തിൽ എത്തുന്നവർ സബ്ജില്ലയിലെ മുഴുവൻ അധ്യാപകരുടെയും അധ്യാപക സംഘടനകളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിലൂടെ ഈ കലാമേള നാടിന്റെ ഏറ്റവും വലിയ ഉത്സവമായാണ് നടത്തുന്നത്. ഇവിടെ ഗവൺമെന്റ് ഒരുഫണ്ടും നൽകുന്നില്ല. പങ്കെടുക്കുന്ന മുഴുവൻ കുട്ടികൾക്കും വിഭവസമൃദമായ ഉച്ചഭക്ഷണമുൾപ്പെടെ നൽകി അക്ഷരാർത്ഥത്തിൽ അവർ അത് ആഘോഷമാക്കുന്നു. ഈ പ്രവർത്തനത്തിൽ അധ്യാപക സംഘടനകളുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും പങ്കിനെ ചെറുതാക്കി കാണാൻ കഴിയില്ല. ഈ പ്രവർത്തനത്തെ മാഫിയ പ്രവർത്തനമായും മറ്റുമായി അധിക്ഷേപിക്കുന്നത് മറ്റെന്തോ താല്പര്യത്തിന്റെ ഭാഗമാണ്. പരീക്ഷകളിൽ ഗ്രേസ് മാർക്ക് നേടുക എന്നലക്ഷ്യം വെച്ചുകൊണ്ട് മാത്രം വരുന്ന രക്ഷിതാക്കളുടെ പ്രവർത്തനം ഈ മേളയുടെ സ്വഭാവത്തിൽ മാറ്റംവരുത്തിയിട്ടുണ്ടെന്ന യാഥാർഥ്യം അംഗീകരിച്ചേമതിയാകു. ഇത് രക്ഷിതാക്കളുടെ മത്സരമായി പലപ്പോഴും മാറിപ്പോകുന്നു. എങ്ങനെയും സ്വന്തം കുട്ടിയെ ജയിപ്പിച്ചെടുക്കുക എന്ന ലക്ഷ്യം വെച്ച് ഇടപെടുമ്പോൾ വാക്കേറ്റങ്ങളും കയ്യാങ്കളികൾ വരെ ഉണ്ടാകാറുണ്ട്. ഇതിൽ കാതലായ മാറ്റം അനിവാര്യമാണ്. ജില്ലാതലം തൊട്ട് ഇതിന്റെ രൂപവും ഭാവവും മാറുന്നു. രക്ഷിതാക്കളുടെ കടുത്ത മത്സരമായി ഇത് മാറുന്നു. രക്ഷിതാക്കളുടെ മനോഭാവത്തിൽ മാറ്റം

വരുത്തിയേ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളു. കുട്ടികളിൽ നിന്നുള്ള പണപ്പിരിവ് ഒരു വിഷയം തന്നെയാണ്. എന്നാൽ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു സാമ്പത്തിക സഹായവും ചെയ്യാത്തതുകൊണ്ടുതന്നെ ജില്ലാതലം വരെയുള്ള കലോത്സവങ്ങൾ അധ്യാപക സംഘടനകളുടെയും ഡിപ്പാർട്ട്മെന്റ് മേധാവികളുടെയും ഒരു ബാധ്യതയായി മാറുന്നു. ദിവസങ്ങളോളം പെടാപാടുപെട്ടാണ് അധ്യാപക സംഘടനകളും പൊതുസമൂഹവും ആ മേള വിജയിപ്പിക്കുന്നത്. അധ്യാപക സംഘടനകൾ പണം സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന കണ്ടെത്തൽ ദുരുദ്ദേശപരമാണ്. ഏതെങ്കിലും സംഘടനകൾ അത്തരത്തിൽ പണം കണ്ടെത്തുന്നുണ്ടെങ്കിൽ സത്യസന്ധമായ അന്വേഷണം നടത്തി ഏത് സംഘടനയാണ് ഇത് ചെയ്യുന്നത് എന്നത് വെളിപ്പെടുത്തണം. അല്ലാതെ എല്ലാ അധ്യാപക സംഘടനകളെയും അടച്ചാക്ഷേപിക്കുന്നത് സത്യസന്ധമായി പ്രവർത്തനം നടത്തുന്ന സംഘടനകളെ അപകീർത്തിപ്പെടുത്താനും ആത്മാർത്ഥതയെ ചോദ്യംചെയ്യാനുമാണ്. മത്സരത്തിന്റെ വിധിനിർണയം നടത്തുന്നതിന് വിധികർത്താക്കളെ തെരഞ്ഞെടുക്കുന്നത് ഉദ്യോഗസ്ഥമേധാവികളാണ്. ഇക്കാര്യത്തിൽ ശരിയായ മാർഗ്ഗരേഖയുണ്ടാകണം. വിധികർത്താക്കൾ പക്ഷപാതപരമായി പെരുമാറുന്നു എന്ന ആക്ഷേപം പണ്ടുമുതൽക്കേ ഉള്ളതാണ്. ഗ്രേസ്മാർക്ക് വന്നപ്പോൾ ഏത് വഴിവിട്ട പ്രവർത്തനം നടത്താനും ചില രക്ഷിതാക്കൾ തയ്യാറാകുന്നു. അതിന് പലപ്പോഴും വിധികർത്താക്കൾ വഴിപെട്ടുപോകുന്നു. ഇക്കാര്യത്തിൽ വലിയ രീതിയിലുള്ള ക്രമീകരണവും തെരഞ്ഞടുപ്പും ഉണ്ടാകണം. പലപ്പോഴും വിധി നിർണയത്തിൽ പാകപ്പിഴകൾ ഉണ്ടാകുന്നു. ഇത് വലിയ സംഘർഷത്തിൽ വരെ കലാശിക്കുന്നുമുണ്ട്. ജില്ലാതലത്തിൽ സ്ഥാനം കിട്ടാതാകുമ്പോൾ അപ്പീൽ പോകുന്നു. അവിടെ നിന്നും അവർ ഉദ്ദേശിച്ച ഫലംകിട്ടാതെ വരുമ്പോൾ കോടതിയെ സമീപിക്കുന്നു. കോടതികൾ പലപ്പോഴും വേണ്ടവിധ പരിശോധനകൾ നടത്താതെ അപ്പീൽ അനുവദിക്കുന്നു. അങ്ങനെവരുമ്പോൾ യഥാർത്ഥത്തിൽ സംസ്ഥാന / ജില്ലാതലത്തിൽ മത്തരിക്കാൻ അർഹത നേടിയവരെക്കാൾ കൂടുതൽ അപ്പീൽലിലൂടെ മത്സരിക്കാൻ എത്തുന്നു. ഇത് നടത്തിപ്പിനെ ബാധിക്കുന്നു. വൈകുന്നേരെ 5 മണിക്ക് എല്ലാ മത്സരങ്ങളും അവസാനിപ്പിക്കണമെന്നാണ് നിയമമെങ്കിലും അർദ്ധരാത്രിവരെ മത്സരങ്ങൾ നീണ്ടുപോകുന്നു. ഈ വർഷം സംസ്ഥാന കലോത്സവത്തിൽ അപ്പീലുകളിലൂടെ മത്സരാർത്ഥികൾ എത്തി എന്നത് ഇതിന്റെ വ്യാപ്തിയെ ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാന കലോത്സവ നടത്തിപ്പിനുവേണ്ടി കുട്ടികളിൽ നിന്നാണ് തുകസമാഹരിക്കുന്നത്. ഒരു രൂപപോലും കുട്ടികളിൽ നിന്നും പിരിച്ചെടുക്കാൻ പാടില്ല എന്നാണെങ്കിലും ഗവൺമെന്റ് തന്നെ ഈ പിരിവിന് അനുവാദം നൽകുന്നു. ഗവൺമെന്റ് കാര്യമായ ഒരുഫണ്ടും ഈ മത്സരങ്ങൾക്ക് നീക്കിവെക്കുന്നില്ല. നിരവധി തവണ അധ്യാപക സംഘടനകൾ എന്ന നിലയിൽ കെ എസ് ടി എ നിരവധി തവണ ഇക്കാര്യം ചൂണ്ടിക്കാട്ടിയതാണ്. എന്നാൽ പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ തയ്യാറായിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ 48 ഓളം അധ്യാപക സംഘടനകളുണ്ട് ഈ സംഘടനകളെല്ലാം വിവിധ കമ്മിറ്റികളെല്ലാം വിവിധ കമ്മിറ്റികൾ വീതംവെക്കുന്നു എന്നത് ഇതിലെ ലാഭം പ്രതീക്ഷിച്ചല്ല. മികച്ച സംഘടന എന്ന ലേബൽ ഇതിലൂടെ നിലനിർത്തുകയാണ്.

ഇക്കാര്യത്തിലും അഭിപ്രായം പറഞ്ഞിട്ടുണ്ട്. സംഘടനകളുടെ റഫറണ്ടം നടത്തി സംഘടനകളുടെ എണ്ണം കുറക്കണം. ഇത്തരം മേളകൾ ജനകീയ പങ്കാളിത്തത്തോടെ കുറ്റമറ്റ രീതിയിൽ നടത്താൻ കഴിയണം. അതിനുപകരം വലിയ അഴിമതിയുണ്ട് എന്ന് ചൂണ്ടിക്കാട്ടി നടത്തിപ്പ് ഇവന്റ് മാനേജുമെന്റിനെ ഏൽപ്പികാകനുള്ള നിർദ്ദേശം പലകോണുകളിൽ നിന്നും ഉയർന്നിട്ടുണ്ട്. അതിനുവേണ്ടിയാണ് ഈ പരിശ്രമമെങ്കിൽ പൊതുസമൂഹവും അധ്യാപക സമൂഹവും ഇതിന് കൂട്ടുനിൽക്കില്ല. എല്ലാ അഴിമതിയും പുറത്തുകൊണ്ടുവരണം. ഏതെങ്കിലും ഉദ്യോഗസ്ഥരും സംഘടനകളും ധനാപഹരണം നടത്തുന്നുണ്ടെങ്കിൽ അത് കണ്ടെത്തിയെ മതിയാകു. അതിന് എല്ലാവിധ പിന്തുണയും അധ്യാപക സമൂഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകും അല്ലാതെ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാനാണ് നീക്കമെങ്കിൽ സർവ്വശക്തിയും ഉപയോഗിച്ച് ഇതിനെ എതിർക്കുക തന്നെ ചെയ്യും. നടത്തിപ്പ് സംബന്ധിച്ച് ശരിയായ പഠനം നടത്തണം. സമഗ്രമായ മാന്വൽ പരിഷ്കരണം നടത്തണം. കുട്ടികളിൽ നിന്ന് പണം പിരിവ് നടത്താതെ നടത്തിപ്പിനാവശ്യമായ മുഴുവൻ തുകയും സർക്കാർ കണ്ടെത്തണം. ചിലവഴിക്കുന്ന ഓരോ തുകക്കും ശക്തമായ മോണിറ്ററിംഗ് നടത്തണം. ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കാതെ ഇതിന്റെ നടത്തിപ്പുമായി രാപ്പൽ ഭേദമന്യേപ്രവർത്തിക്കുന്ന അധ്യാപകരെയും അധ്യാപക സംഘടനകളെയും അടച്ചാക്ഷേപിക്കുന്നത് അവസാനിപ്പിക്കണം. എന്നാൽ ഏതെങ്കിൽ തരത്തിൽ ക്രമക്കേടുകൾ ഏതുഭാഗത്തുനിന്ന് ഉണ്ടായാലും അത് കണ്ടെത്തുകയും വേണം. കുറ്റമറ്റ രീതിയിൽ ജനകീയ പങ്കാളത്തത്തോടെ എല്ലാ വിധസഹായങ്ങളും ഉണ്ടാകും.